## എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം



എസ്.ഹരികിഷോർ ഐ.എ.എസ്

# ദാരിദ്ര്യനിർമാർജനത്തിനായി ഇന്ത്യൻ ഗ്രാമങ്ങളിലേക്ക്

### എൻ.ആർ.ഒ -കുടുംബശ്രീയുടെ ദേശീയ മുഖം

1998-ൽ തുടങ്ങിയ കുടുംബശ്രീ പ്രസ്ഥാനം 2012ലാണ് ദേശീയ തലത്തിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി(എൻ.ആർ.ഓ) അംഗീകാരം ലഭിക്കുന്നത്. കുടുംബശ്രീയുടെ 20 വർഷത്തെ പ്രവൃത്തി പരിചയവും പ്രവർത്തന പാരമ്പര്യവും പ്രായോഗിക തലത്തിലുള്ള അറിവും കുടുംബശ്രീക്കുണ്ട്. ഒപ്പം കമ്മ്യൂണിറ്റിയെ ചലനാത്മകമാക്കിയും കമ്മ്യൂണിറ്റിയുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അത് പൂർത്തീകരിക്കാനുള്ള പ്രോജക്ട് രൂപീകരിക്കാനുള്ള കഴിവും ഉള്ളതുകൊണ്ടാണ് കുടുംബശ്രീയെ എൻ.ആർ.ഒ ആയി തെരഞ്ഞെടുത്തിട്ടുള്ളത്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ “കുടുംബശ്രീ“ രൂപീകരിക്കാൻ സഹായിക്കുക എന്നതാണ് കുടുംബശ്രീ എൻ.ആർ.ഒയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ഇതിനോടകം 21 സംസ്ഥാനങ്ങളുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു എന്നുള്ളത് എൻ.ആർ.ഒ പ്രവർത്തനങ്ങളുടെ മികവും സ്വീകാര്യതയും ഫീൽഡ് തലത്തിൽ മികച്ച റിസൾട്ട് ലഭിക്കുന്നു എന്നതിന്റെ തെളിവു തന്നെയാണല്ലോ.

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ എം.ഇ.സി ആയും സി.ഡി.എസ് ചെയർപേഴ്സണായും കാസ്, ട്രെയിനിംഗ് ഗ്രൂപ്പ് അംഗമായും വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള വനിതകളാണ് മെന്റർമാരായി വിവിധ സംസ്ഥാനങ്ങളിൽ പോവുകയും കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത്. പുതിയൊരു ഭാഷ പഠിച്ചുകൊണ്ട് ആ സംസ്ഥാനത്തിന്റെ സംസ്കാരവും പ്രദേശത്തിന്റെ സാധ്യതകളും പരിമിതികളുമൊക്കെ ചുരുങ്ങിയ കാലം കൊണ്ട് മനസിലാക്കി പ്രാദേശികമായ ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകളെ വളർത്തിയെടുക്കാൻ നേതൃത്വം നൽകുന്നത് ഇവരാണ്. ഇപ്രകാരം ലോക്കൽ റിസോഴ്സ് ഗ്രൂപ്പിലൂടെ ആ സംസ്ഥാനങ്ങളിൽ ദാരിദ്ര്യനിർമാർജനത്തിന് പുതിയൊരു തുടക്കം കുറിക്കാൻ വേണ്ടി നേതൃത്വം നൽകിയ മെന്റർമാരുടെ കഴിവ് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. കൂടാതെ ഇവരെ സപ്പോർട്ട് ചെയ്യാനും സഹായിക്കാനുമുള്ള വലിയൊരു പ്രൊഫഷണൽ ടീമും എൻ.ആർ.ഒയ്ക്കുണ്ട്. ഇങ്ങനെ കുടുംബശ്രീയുടെ നേതൃത്വവും എൻ.ആർ.ഒയുടെ പ്രൊഫഷണലിസവും മെന്റർമാരുടെ പ്രവർത്തനവും സംസ്ഥാനത്തിന്റെ പിന്തുണയുമൊക്കെ ചേർന്നാണ് കുടുംബശ്രീ എൻ.ആർ.ഒയുടെ പ്രവർത്തനത്തിന് കരുത്ത് പകർന്നിട്ടുള്ളത്.

മൂന്നു മേഖലയിലാണ് ഇപ്പോൾ കുടുംബശ്രീ ഒരു എൻ.ആർ.ഒ ആയി പ്രവർത്തിക്കുന്നത്. ഒന്നാമത്തെ മേഖല പി.ആർ.ഐ-സി.ബി.ഒ- പഞ്ചായത്ത്രാജും സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനവും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ്. പഞ്ചായത്തുകൾക്ക് വേണ്ട ഗുണഭോക്താക്കളെ കണ്ടെത്താനും അർഹരായ ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ് ഗവൺമെന്റ് പദ്ധതികളിൽ നിന്നും ആനുകൂല്യങ്ങൾ (ടോയ്ലറ്റ്, തൊഴിൽ കാർഡ്, പെൻഷൻ എന്നിവ ഇല്ലാത്തവർക്ക്) നൽകാനും പഞ്ചായത്തുകളിലെ വിവിധ വികസന പദ്ധതികളുടെ നടത്തിപ്പ് സാമൂഹ്യാധിഷ്ഠിത സംവിധാനം വഴി നടപ്പാക്കലുമാണ് ഈ സം

യോജന പദ്ധതിയുടെ ലക്ഷ്യം. ജനകീയാസൂത്രണം യാഥാർത്ഥ്യമാക്കുന്ന തരത്തിൽ അതിൽ ജനങ്ങളുടെ അവകാശങ്ങൾ മനസിലാക്കുകയും അർഹരായവരിലേക്ക് ഗുണങ്ങൾ എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് പി.ആർ.ഐ-സി.ബി.ഒ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ നടത്തിയിട്ടുള്ളത്. ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലെ 282 ബ്ലോക്കുകളിൽ ഈ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഗ്രാമീണ മേഖലയിലെ സംരംഭകരാകാൻ താൽപര്യമുള്ള സ്ത്രീകളെ കണ്ടെത്തുകയും അവർക്ക് പരിശീലനവും പ്രോത്സാഹനവും കൈത്താങ്ങും നൽകി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കുന്ന എം.ഇ.സി പ്രോഗ്രാമും ഇതേ പദ്ധതി ബ്ലോക്ക് തലത്തിൽ സമഗ്രമാക്കുന്ന എസ്.വി.ഇ.പി പദ്ധതിയുടെ മേൽനോട്ടവുമാണ് മറ്റു സംസ്ഥാനങ്ങളിൽ കുടുംബശ്രീ എൻ.ആർ.ഒ നടത്തുന്ന മറ്റുള്ള പ്രവർത്തനങ്ങൾ. ഇതിൽ ആറു സംസ്ഥാനങ്ങളിൽ 17 ജില്ലകളിൽ എം.ഇ.സി രൂപീകരിക്കാനും ഒമ്പത് സംസ്ഥാനങ്ങളിൽ 52 ബ്ലോക്കുകളിൽ എസ്.വി.ഇ.പി പ്രോഗ്രാമിന് നേതൃത്വം കൊടുക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്കു വേണ്ട സാങ്കേതിക സഹായം നൽകുന്നതു കൂടാതെ വിവിധ വിദേശ രാജ്യങ്ങളിൽ ദാരിദ്ര്യനിർമാർജനത്തിനു വേണ്ടി കാർഷിക മൂല്യവർദ്ധിത മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള അവസരവും കുടുംബശ്രീ എൻ.ആർ.ഒയ്ക്ക് ലഭിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനിടെ അസർബൈജാൻ, ഉസ്ബകിസ്ഥാൻ, താജിക്കിസ്ഥാൻ, ഉഗാണ്ട തുടങ്ങിയ വിവിധ രാജ്യങ്ങളുമായി ചേർന്നുകൊണ്ട് പ്രവർത്തിക്കാൻ ആഫ്രിക്കയിലെയും മധ്യ ഏഷ്യയിലെയും ഇരുന്നൂറിലധികം ആളുകൾക്ക് കേരളത്തിലും ആ രാജ്യത്തുമായി പരിശീലനം നൽകാനും എൻ.ആർ.ഒയ്ക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ അനുഭവത്തിൽ നിന്നുള്ള അറിവ് കുടുംബശ്രീ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ തന്നെ അർഹരായിട്ടുള്ളവർക്കും ആവശ്യമുള്ള ദേശങ്ങളിലേക്കും എത്തിക്കാൻ സാധിക്കുക എന്നുള്ളത് കുടുംബശ്രീയുടെ വലിയൊരു കടമ കൂടിയാണ്. ഈയൊരു കടമ നിർവഹിക്കാൻ മികച്ച പ്രൊഫഷണലിസത്തോടു കൂടി എൻ.ആർ.ഒയ്ക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. ഇനി വരും വർഷങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്ത്രീശാക്തീകരണത്തിന് ഊന്നൽ

സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മുമ്പുണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയും കാലത്തിനനുസരിച്ചുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കാൻ സാധിക്കുകയും ചെയ്തു എന്നുള്ളതാണ് കുടുംബശ്രീയുടെ ജെൻഡർ മേഖലയിൽ കഴിഞ്ഞ രണ്ട് വർഷത്തിൽ നമുക്ക് എടുത്തുപറയാൻ സാധിക്കുന്ന കാര്യം. സ്ത്രീശാക്തീകരണത്തിലൂടെ ദാരിദ്ര്യം ഇല്ലാതാക്കാനും സ്ത്രീകൾക്ക് അറിവും സ്വന്തം കഴിവിനെ കുറിച്ചും വ്യക്തിത്വത്തെ കുറിച്ചുമുള്ള ബോധ്യം വളർത്തിയെടുക്കാനും അവരെ സമൂഹത്തിൽ ശക്തരാക്കി മാറ്റാനും കുടുംബശ്രീക്കായിട്ടുണ്ട്. കൂടാതെ സ്ത്രീകളിൽ മാറ്റം വരുത്തിക്കൊണ്ട് പുരുഷന്മാരിലും സമൂഹത്തിലും മാറ്റം വരുത്താനാവും. ഇതുവഴി സ്ത്രീകൾക്ക് സുരക്ഷിതവും കൂടുതൽ അവസരങ്ങളുള്ള തുല്യതയുള്ള ഒരു പുതിയ സാമൂഹ്യ ചുറ്റുപാട് ഉണ്ടാക്കിയെടുക്കാനും കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനും ചെറുത്തു നിൽക്കാനും വേണ്ടിയുള്ള പദ്ധതികൾ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ നടത്തിവരുന്നു. ഓരോ വാർഡുകളിലും പത്തോളം അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അക്രമങ്ങൾക്കെതിരെ പ്രതികരിക്കാനും അതിക്രമങ്ങൾ കൂടുതൽ ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കാനും ലക്ഷ്യമിട്ടുകൊണ്ട് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിച്ചു. കേരളത്തിലെ 20000 വാർഡുകളിലും ഇത്തരം വിജിലന്റ് ഗ്രൂപ്പുകൾ ഉണ്ട് എന്നുള്ളതും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുള്ളതും സ്ത്രീശാക്തീകരണ രംഗത്ത് പുതിയൊരു മാതൃക തന്നെ ആയിരിക്കും. എല്ലാ ജില്ലകളിലും കുടുംബശ്രീ സ്നേഹിത തുടങ്ങാൻ സാധിച്ചതും വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഓരോ പഞ്ചായത്തുകളിലും ഓരോ വാർഡുകളിലും സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ സ്നേഹിതയിൽ എത്തിക്കാനും അതിക്രങ്ങൾക്കിരയായവർക്ക് കരുതലും സഹായങ്ങളും നൽകാനും കുടുംബശ്രീക്ക് സാധിക്കുന്നുണ്ട്. കഴിഞ്ഞ ഒക്ടോബർ 31 വരെ 15434 കേസുകൾ സ്നേഹിതയിലെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഉൾപ്പെട്ട സ്ത്രീകൾക്ക് താൽക്കാലിക അഭയവും കൗൺസിലിംഗും നൽകാനും അവർക്കു വേണ്ട മറ്റു പിന്തുണകൾ നൽകാനും സ്നേഹിതയിലൂടെ സാധിക്കുന്നു എന്നത് വലിയൊരു നേട്ടമായി നമുക്ക് കരുതാം.

അക്രമങ്ങൾ ചെറുത്തു നിൽക്കാൻ വേണ്ടിയുള്ള സംവിധാനം കൂടാതെ സുരക്ഷിതമായ സാമൂഹിക അന്തരീക്ഷമൊരുക്കാനും ഇതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് പഞ്ചായത്തുകളെ നയിക്കാനുമുള്ള പദ്ധതികൾ കുടുംബശ്രീയുടെ




നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു വൾണറബിലിറ്റി മാപ്പിംഗ്. കേരളത്തിലെ തെരഞ്ഞെടുത്ത 160 പഞ്ചായത്തുകളിലും വൾണറബിലിറ്റി മാപ്പിംഗ് നടത്തിയിട്ടുള്ളത്. സ്ത്രീകൾക്ക് സുരക്ഷിതരല്ലാതാകുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനുള്ള അരക്ഷിതാവസ്ഥാ പഠനമായിരുന്നു ഇത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തുമുള്ള അരക്ഷിതാവസ്ഥയെ കുറിച്ച് പഠിക്കുകയും അത് മാറ്റാൻ വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി പഞ്ചായത്തിന് കൈമാറുകയും പഞ്ചായത്ത് ഇത് നടപ്പിലാക്കുകയും ചെയ്യുന്നതോടെ വലിയൊരു സാമൂഹ്യ വിപ്ലവത്തിനാണ് കുടുംബശ്രീ തുടക്കമിട്ടിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 11 കോടി രൂപ വൾണറബിലിറ്റി മാപ്പിംഗ് നടന്ന പഞ്ചായത്തുകൾ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റിവച്ചു എന്നത് ഈ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ ഫലമാണ് എന്നു കാണാൻ സാധിക്കും. ഇതുകൂടാതെ സമൂഹത്തിൽ ഒറ്റപ്പെട്ടു താമസിക്കുന്ന സുരക്ഷിതരല്ലാതെ താമസിക്കുന്നവർക്ക് വേണ്ട സുരക്ഷയും കരുതലും മാനസിക പിന്തുണയും നൽകുന്നതിനായി അവരെ കണ്ടെത്തുകയും അതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സ്നേഹിത കോളിങ് ബെൽ എന്ന പദ്ധതി കുടുംബശ്രീ ഈ വർഷം തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒറ്റപ്പെട്ടു താമസിക്കുന്ന 62183 പേരെ ഇതുവരെ കണ്ടെത്തികഴിഞ്ഞു. ഇവരുടെ ആവശ്യം ചിലപ്പോൾ ആഴ്ചയിൽ ഒരു ഫോൺ വിളിയായിരിക്കാം. ചിലപ്പോൾ ഒരു ആഹാരത്തിനു വേണ്ടിയാകാം. ചിലപ്പോൾ സുരക്ഷിതത്വത്തിനുവേണ്ടി ഉള്ളതുമായിരിക്കാം. ഏതാവശ്യമായാലും സി.ഡി.എസിന്റെ നേതൃത്വത്തിൽ സർവേ വഴി ഒറ്റപ്പെട്ടു താമസിക്കുന്നവരായി കണ്ടെത്തിയവർക്ക് കരുതൽ നൽകാൻ വേണ്ടിയുള്ള പദ്ധതികൾ കുടുംബശ്രീ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ വലിയ ഒരു സേവനവും തുടക്കവുമാണ് ഈ പദ്ധതികളിലൂടെ കുടുംബശ്രീ നടപ്പാക്കിയിരിക്കുന്നത്.

സ്ത്രീശാക്തീകരണ രംഗത്തും നൂതനമായ കാഴ്ചപ്പാടോടുകൂടി പുതിയ പദ്ധതികൾ കുടുംബശ്രീ അവതരിപ്പിക്കുകയാണ്. സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ പുതിയ മൊഡ്യൂൾ പരിശീലനം എല്ലാ അയൽക്കൂട്ടങ്ങളിലും ജനുവരി മുതൽ തുടങ്ങും. ഇതിന്റെ മാസ്റ്റർ പരിശീലകരെ കണ്ടെത്തിക്കൊണ്ട് അവർക്കു വേണ്ട പരിശീലനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. കുടുംബശ്രീയുടെ 350-ഓളം വരുന്ന കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രളയ സമയത്ത് ഇതിലകപ്പെട്ടവർക്ക് കൗൺസിലിംഗ് വഴി ആശ്വാസം നൽകിയത് ശ്രദ്ധേയമായിരുന്നല്ലോ. കൗൺസിലിംഗ് ശൃംഖല ശക്തിപ്പെടുത്താനും ഇവർക്ക് പരിശീലനം നൽകാനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും വേണ്ടിയുള്ള കാര്യങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. താൽപര്യമുള്ള വകുപ്പുകൾക്കൊക്കെ ജെൻഡർ ബോധവൽക്കരണ ക്ലാസുകൾ നൽകാനുള്ള ടീമിനെ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചു കഴിഞ്ഞു. കുടുംബശ്രീയിലുള്ള എല്ലാവർക്കും ഈ പരിശീലനം ലഭ്യമാക്കുകയും ഇതു വഴി ജെൻഡർ ബോധ്യമുള്ള ഒരു ഉദ്യോഗസ്ഥ സമൂഹം അല്ലെങ്കിൽ കമ്മ്യൂണിറ്റി സമൂഹം വളർത്തിയെടുക്കാൻ നമുക്ക് സാധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുകയാണ്.

അക്രമങ്ങൾ നേരിട്ട് സ്നേഹിതയിൽ കഴിയുന്ന സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസുമായി സംയോജിപ്പിച്ചുകൊണ്ട് അവർക്കായി സംരംഭങ്ങൾ തുടങ്ങാനും കലയിൽ താൽപര്യമുള്ള സ്ത്രീകൾക്കായി രംഗശ്രീ തീയേറ്റർ ഗ്രൂപ്പുകളിൽ ഇവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ മറ്റു വകുപ്പുകൾ വഴി നേടിക്കൊടുക്കാനും കുടുംബശ്രീക്ക് സാധിക്കുന്നുണ്ട്. കൂടാതെ കലാകായിക രംഗത്ത് താൽപര്യമുള്ളവർക്കായി പ്രത്യേക ശിൽപശാലകളും സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി എന്നിവയുമായി ചേർന്ന് നടപ്പാക്കുന്ന കൊച്ചിൻ മുസിരിസ് ബിനാലെ പോലെ രാജ്യാന്തര ശ്രദ്ധ നേടുന്ന വലിയ പരിപാടികളിൽ സ്ത്രീകൾക്ക് പങ്കെടുക്കാനും സമൂഹത്തിൽ കൂടുതൽ ഇടപെടാനും അവസരങ്ങൾ ഒരുക്കാനും ധാരാളം പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ ജെൻഡർ പ്രവർത്തനങ്ങളിലൂടെ നടന്നുവരികയാണ്. ഈ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഒരുപക്ഷേ പെട്ടെന്ന് അളക്കാൻ കഴിയുന്നതായിരിക്കില്ല. എന്നാൽ അടുത്ത ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ അക്രമങ്ങൾ ചെറുക്കാനും സുരക്ഷിതമായ സാമൂഹ്യ സാഹചര്യങ്ങൾ ഒരുക്കാനും അവസരങ്ങൾ ഒരുക്കിക്കൊടുക്കാനും അറിവ് പകർന്ന് ശാക്തീകരിക്കാനുമൊക്കെയായി കുടുംബശ്രീ തുടങ്ങിയിട്ടുള്ള ഈയൊരു പദ്ധതി കേരള സമൂഹത്തിൽ വലിയൊരു മാറ്റം ഉണ്ടാക്കും എന്ന് നമുക്ക് ഉറപ്പിക്കാം.